# ഗുണ്ടാവിരുദ്ധ പ്രവർത്തനം ശക്തമാക്കി കൊച്ചി സിറ്റി പോലീസ്

കൊച്ചി സിറ്റിയിൽ ഗുണ്ടാ വിരുദ്ധ പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ സിറ്റി പോലീസ് കമ്മീഷണർ ശ്രീ.എം.പി ദിനേശ് IPS നിർദേശം നല്കി . ഡി.സി.ആർ .ബി അസിസ്റ്റൻറ് കമ്മീഷണർ ശ്രീ .രാജേഷിനാണ് സിറ്റി ടാസ്ക് ഫോഴ്സിന്റെ ചുമതല.

കൊച്ചി റേഞ്ച് IGP ശ്രീ. പി വിജയൻ IPS ൻറെ നേരിട്ടുള്ള നി.ന്ത്രണത്തിൽ , സിറ്റി പോലീസ് കമ്മീഷണർ ശ്രീ.എം.പി ദിനേശ് IPS ൻറെയും, ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ശ്രീ. യതീഷ് ചന്ദ്ര IPS ൻറെയും മേൽ നോട്ടത്തിലാണ് സിറ്റി ടാസ്ക് ഫോഴ്സ് പ്രവർത്തിച്ചുവരുന്നത്.

നഗരത്തിൽ വേരോട്ടമുള്ള മയക്കുമരുന്ന് സംഘങ്ങൾ ക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുവാൻ നിർദേശം നൽകിയിട്ടുണ്ട്. മയക്കുമരുന്ന് കേസുകളിൽ മുൻപ് ജയിൽ ശിക്ഷ അനുഭവിച്ചവരേയും, കേസുകളിൽ പ്രതിയായിട്ടുള്ളവരേയും തുടർച്ചയായി നിരീക്ഷിക്കുന്നതിനായി സംവിധാനം ഒരുക്കിയിട്ടുണ്ട്.

റിയൽ എസ്റ്റേറ്റ്, നിലം നികത്തലും മറ്റുമായി പ്രവർത്തിക്കുന്നവരുടെ ഗുണ്ടാ സംഘങ്ങളുമായുള്ള ബന്ധങ്ങളും മറ്റും നിരീക്ഷിക്കും. സ്ത്രീകൾക്കും, കുട്ടികൾക്കും എതിരായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും, ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുവാനും നിർദേശം നൽകിയിട്ടുണ്ട്.

ഗുണ്ടാസംഘങ്ങളുടെയും അവരുടെ കൂട്ടാളികളുടേയും പ്രവർത്തനങ്ങളേയും സംബന്ധിച്ച് എന്തെങ്കിലും വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ ആയത് പോലീസ് കണ്ട്രോൾ റൂമിൽ അറിയിക്കണമെന്നും അറിയിക്കുന്നവരുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു

സിറ്റി പോലീസ് കമ്മീഷണർക്കു വേണ്ടി